നടപ്പാക്കുന്ന 5 പദ്ധതികളിൽ തിരുവനന്തപുരം നഗര ശുദ്ധജല വിപുലീകരണ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പൂർത്തീകരിച്ച് ഭാഗികമായി കമ്മീഷൻ ചെയ്തു. സുനാമി അടിയന്തര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി എ.ഡി.ബി. സഹായത്തോടെ 2 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടെയുള്ള ചവറ, പന്മന സുനാമി അടിയന്തര സഹായ പദ്ധതി പൂർത്തീകരിക്കുകയും, സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 95 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 18.50 ലക്ഷം പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) 58 വൻകിട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ 95 സുനാമി പുനരധിവാസ പദ്ധതികൾ 3424 വർഷ യൂണിറ്റുകൾ, സുനാമി അടിയന്തര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 3 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

സ്പാൻ പദ്ധതി

123 (573) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജലവിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്പാൻ പദ്ധതിയിൻകീഴിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ഈ വർഷം എത്രകോടി രൂപ സഹായധനമായി ലഭിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതി എന്ന് പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ പദ്ധതിക്ക് പുറമെ കുടിവെള്ള പദ്ധതിക്കായി ഉത്തേജക പാക്കേജിന്റെ ഭാഗമായി ഈ വർഷം മറ്റെന്തൊക്കെ പ്രോജക്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ഇ) ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ പദ്ധതി നടത്തിപ്പിനായി ഈ വർഷം എന്ത് തുക ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 36 പദ്ധതികളിൽ 5 പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയും 13 പദ്ധതികൾ നടപ്പ് സാമ്പത്തിക വർഷംതന്നെ കമ്മീഷൻ ചെയ്യുവാനും ശേഷിക്കുന്ന 18 പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ കഴിയുന്ന തരത്തിൽ പണികൾ പുരോഗമിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിക്കായി 84.36 കോടി രൂപ നടപ്പു സാമ്പത്തിക വർഷം ഇതുവരെ നൽകിയിട്ടുണ്ട്.

(സി) പദ്ധതി 2011 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിന്നതെങ്കിലും കോൺട്രാക്ടർമാർ ഉയർന്ന തുക കാട്ടു ചെയ്തതിനാലും റോഡ് കട്ടിംഗിന് വിവിധ ഏജൻസികളിൽനിന്നും അനുമതി ലഭിക്കുന്നതിന് വന്ന കാലതാമസവും അപ്രതീക്ഷിതമായി ഉണ്ടായ മഴയും കാരണം പദ്ധതി പൂർത്തീകരണം വൈകി. പദ്ധതി അടുത്ത സാമ്പത്തിക വർഷത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) മൂന്നിയൂർ, തേഞ്ഞിപ്പാലം, ചേലാമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ, തിരൂരങ്ങാടി പഞ്ചായത്തിലെ വെണ്ണിയൂർ പ്രദേശത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി മെച്ചപ്പെടുത്തൽ, ബേലൂരിനും സമീപപ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി, മണലൂർ-കാരമുക്ക് പദ്ധതി, കൊണ്ടോട്ടി-നെടിയിരുപ്പ് വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതി എന്നിവയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ഇ&എഫ്) പണികൾ പ്രാരംഭഘട്ടത്തിലായതിനാൽ എന്തുതുക ചെലവാകുമെന്ന് ഇപ്പോൾ കണക്കാക്കുവാൻ കഴിയുകയില്ല.

പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പഴയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കുന്നതിനും നടപടി

124 (574) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ പഴകിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പഴയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ നവീകരിക്കുന്നതിനുമായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇതിനുപുറമേ ഈ വർഷം എവിടെയൊക്കെ പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വർഷം ഇത്തരം ഏതൊക്കെ പുതിയ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly